പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.790 11.06.2014-ൽ മറുപടിക്ക്**

## ജലസമ്പാദ്യ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.എ.മാധവൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.എം.പി.വിൻസന്റ് | | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലസമ്പാദ്യ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ജലവിനിയോഗത്തിൽ സ്വീകരിക്കേണ്ട മിതത്വം, മഴവെള്ള സംഭരണം, ഭൂജല പരിപോഷണ മാർഗ്ഗങ്ങൾ, കിണർ പരിപാലന മാർഗ്ഗങ്ങൾ, ജലഗുണ നിലവാരത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയിൽ വിവിധ സന്ദേശങ്ങൾ സംസ്ഥാനത്തെ എൺപത് ലക്ഷം ഭവനങ്ങളും സന്ദർശിച്ച് പ്രചരിപ്പിക്കുക എന്നതാണ് ജല സമ്പാദ്യം പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത് വിശദാം ശങ്ങൾ എന്തെല്ലാം; | (ബി) | ജലത്തിന്റെ അശാസ്ത്രീയമായ വിനിയോഗം, ജലഗുണനിലവാരത്തിൽ പുലർത്തുന്ന അശ്രദ്ധ മഴവെള്ളത്തെ സംരക്ഷിക്കാത്ത അവസ്ഥ, കിണറുകളുടെ സംരക്ഷണമില്ലായ്മ എന്നിങ്ങനെ ശുദ്ധ ജലമേഖലയിൽ കേരളത്തിലെ കുടുംബങ്ങളിലെ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരമാണ് ജലസമ്പാദ്യം പദ്ധതി കൊണ്ട് കൈവരിക്കാനുദ്ദേശിക്കുന്നത്. |
| (സി) | ജലസംരക്ഷണത്തിനും ജലശുദ്ധീകരണത്തിനുമായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾ പ്പെടുത്തിയിരിക്കുന്നത് വിശദമാക്കുമോ; | (സി) | ജലനിധി കിണറുകളിൽ point recharge, roof water harvesting ചെറുകിട തടയണകൾ (small check dams), Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ്ചാൽ നിർമ്മാണം) sub surface dyke എന്നീ രീതികളിലൂടെ പാഴായി പ്പോകുന്ന |

മഴവെള്ളത്തെ ശുദ്ധീകരിച്ച് സംരക്ഷി തിന് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു.

ജലശുദ്ധീകരണത്തിനായി പ്രഷർ ഫിൽറ്റർ, ക്ലോറിനേറ്റർ അയേൺ റിമൂവൽ പ്ലാന്റ്, ടെറാഫിൽ ഫിൽറ്റ റേഷൻ യൂണിറ്റുകൾ, എക്കോളജിക്കൽ വാട്ടർ പ്യൂരിഫയർ, സിൽവർ അയണൈ സേഷൻ, ആർ.ഒ.പ്ലാന്റ് എന്നീ മാർഗ്ഗങ്ങൾ ജലശുദ്ധീകരണ ത്തിനായി പദ്ധതിയിൽ ഉൾപ്പെടുത്തിവരുന്നു. ജലസംരക്ഷണത്തിനും ജലശുദ്ധീകരണ ത്തിനുമായുള്ള ഗൃഹസന്ദർശ സന്ദേശ പ്രചരണ പരിപാടിയുടെ ഭാഗമായി പതിനൊന്നായിരം മഹിളാ പ്രധാന ഏജന്റുമാരെ ടി വിഷയത്തിൽ പരിശീ ലനം നൽകിയിട്ടുണ്ട്. ജലസംരക്ഷണം, ജലഗുണനിലവാരം, മഴവെള്ള സംഭരണം എന്നീ വിഷയ ങ്ങളിൽ അറിവ് പകരുന്ന ജലശ്രീ കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്തുവരുന്നു.

ജലവിഭവ വകുപ്പ്, സി.സി.ഡി.യു, ധനകാര്യ വകുപ്പ് ദേശീയ സമ്പാദ്യ പദ്ധതിയുമായി സഹകരിച്ചാണ് ജലസമ്പാദ്യ പദ്ധതി സംഘടിപ്പി ക്കുന്നത്. ദേശീയ സമ്പാദ്യ പദ്ധതിയുടെ പതിനൊന്നായിരം മഹിളാ പ്രധാൻ ഏജന്റുമാരെ പ്രസ്തുത വിഷയങ്ങളിൽ പരിശീലിപ്പിച്ച് ഗൃഹസന്ദർശനത്തിലൂടെ ആശയ പ്രചരണം നടത്തുക എന്നതാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ